വചനവിചിന്തനം- 2010 ഏപ്രിൽ 18, ഞായർ

യോഹ : 14 : 7 -4

പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള ഒരവലോകനമാണ് ഇന്നത്തെ സുവിശേഷത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്. ഈ ലോകത്തിലേയ്ക്ക് ഒന്നു നോക്കിയാൽ എന്തിന്റെയൊക്കെയോ പിന്നാലെ, എന്തൊക്കെയോ നേടാനായി നെട്ടോട്ടമോടുന്ന ജനങ്ങൾ. സ്വന്തവും ബന്ധവുമൊക്കെ ഇവിടെ അന്യമാകുകയാണ്. ഭാര്യാ ഭർതൃബന്ധവും, പിതാപുത്രപുത്രി ബന്ധവുമൊക്കെ ചോദ്യം ചെയ്യപ്പെടുന്ന ഒരു യുഗത്തിലാണ് നാമിന്ന് എത്തിനില്ക്കുന്നത്. എന്തു സംഭവിച്ചാലും വേണ്ടില്ല എന്റെ ജീവിതം സുഖമായിരിക്കണം അല്ലെങ്കിൽ നാലാൾ എന്നേക്കുറിച്ച് മാത്രം പുകഴ്ത്തി പറയണം എന്റെ മാത്രം പേരും പ്രശസ്തിയും എന്നുമുണ്ടാകണം എന്നുമാത്രം ചിന്തിക്കുന്ന മനുഷ്യൻ ഇതിനിടയിൽ അറ്റുപോകുന്ന ബന്ധങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല. അല്ലെങ്കിൽ കുടുംബബന്ധങ്ങൾ അയൽപക്കബന്ധങ്ങൾ എല്ലാം ഒരു നീർക്കുമിള പോലെ മാത്രം ആയിത്തീരുന്ന ഒരു ലോകത്താണ് നാമിന്ന്.

അപ്പനും മകനും മുഖാഭിമുഖം നില്ക്കുമ്പോഴും ഒരുവാക്കുരിയാടാൻ സാധിക്കാതെ കൈയ്യിലെ മൊബൈൽ ഫോണിലൂടെ ഒരു സന്ദേശം മാത്രം നല്കി ക്ഷേമാന്വേഷണം നടത്തി രക്തബന്ധത്തെ ഒതുക്കി നിർത്തുന്ന, അല്ലെങ്കിൽ വൃദ്ധമന്ദിരങ്ങളിലും അനാഥാലയങ്ങളിലും മാതാപിതാക്കളെ തള്ളിവിട്ടിട്ട് വർഷത്തിലൊരിക്കൽ വരാൻ സാധിച്ചാൽ ഹായ് പറഞ്ഞ് അവസാനിപ്പിക്കുന്ന മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം ഇന്ന് ഒരു ചോദ്യചിഹ്നമായി നില്ക്കുമ്പോൾ യേശുനാഥൻ പറയുകയാണ് ''ഞാൻ പിതാവിലും പിതാവ് എന്നിലുമാണ് (യോഹ-14 :10).'' പിതൃപുത്ര ബന്ധത്തിന്റെ ആഴമറിഞ്ഞശേഷം അവിടുന്ന് അരുൾചെയ്ത വചനങ്ങളാണിത്.

പിതാവിന്റെയും പുത്രന്റെയും ഐക്യം, സ്നേഹം, ആ ഒന്നാകൽ നാം ഇവിടെ ധ്യാനിക്കുകയാണ്. ഞങ്ങൾക്ക് പിതാവിനെ കാണിച്ചുതരിക എന്ന ചോദ്യത്തിന് പീലിപ്പോസിനോട് അവിടുന്ന് പറയുന്നത് മറ്റൊന്നുമല്ല, ഞങ്ങൾ ഒന്നാണ്. ഞങ്ങളിൽ ഉള്ള ഐക്യം ഒരിക്കലും എടുത്തുമാറ്റാൻ പറ്റാത്തതാണ്, എന്നെക്കാണുന്നവൻ പിതാവിനെ കാണുന്നു. ഈ സാന്നിദ്ധ്യം അല്പം ആസ്വദിച്ചപ്പോൾ ശിഷ്യപ്രമുഖൻ പത്രോസ് പറയുന്നുണ്ടല്ലോ, കർത്താവേ ഇവിടെ ആയിരിക്കുന്നത് നല്ലതാണ്. ഞങ്ങൾ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം ഇവിടെയങ്ങ് കൂടാമെന്ന് (മത്താ 17: 18). ആ ഐക്യത്തിന്റെ, ഒന്നാകലിന്റെ രുചി പൂർണ്ണമായി അനുഭവിക്കുന്നതിനു മുമ്പേ അവർക്കുണ്ടാകുന്ന മാറ്റം ആയിരിക്കാം ഒരുപക്ഷേ അവരെ മരണം വരെ യേശുവിൽ ഒന്നിച്ചുനിർത്തിയ ശക്തി.

യേശുവിന്റെ ജീവിതത്തിൽ ചെയ്ത പ്രവർത്തികളെല്ലാം പിതാവിന്റെയും പുത്രന്റെയും ആ ബന്ധത്തിന്റെ തെളിവുകളാണ്. യേശുവിന് ഉറച്ച ബോദ്ധ്യമുണ്ടായിരുന്നു പിതാവ് തന്നെ അറിയുന്നു, പിതാവും താനുമൊന്നാണെന്ന്. (യോഹ 10:15) പിതാവ് എന്നെയും ഞാൻ പിതാവിനെയും അറിയുന്നതുപോലെ ..... ഈ ബോദ്ധ്യമാണ് യേശുനാഥനെ കുരിശുമരണം വരെ അംഗീകരിക്കാൻ പ്രാപ്തനാക്കുന്നത്. തന്റെ പൂർണ്ണമായ ബോദ്ധ്യം പിതാപുത്രബന്ധം, പുത്രന്റെ പിതാവിനോടുള്ള ഒരു ബഹുമാനമായി കണക്കാക്കാം.

ഇന്ന് ഇത്തരത്തിലുള്ള പിതൃസുത ബന്ധം അല്ലെങ്കിൽ ആഴമേറിയ കുടുംബബന്ധങ്ങൾ കാണാൻ കഴിയുമോ. ആന്ധ്രയിലെ അജപാലന രംഗത്ത് സേവനം ചെയ്യാൻ ഇടയായപ്പോൾ ജീവിത യാഥാർത്ഥ്യങ്ങൾ പലപ്പോഴും എന്നേ ചിന്തിപ്പിക്കാറുണ്ട്. അവിടെ പിതാവിനെയും മാതാവിനെയും ഒരു പ്രായം കഴിഞ്ഞാൽ തിരിഞ്ഞു നോക്കത്തില്ല. ഒരു പുത്രനും പുത്രിയും മാതാപിതാക്കൾക്ക് വീട്ടിൽ ഒരു സ്ഥാനവും കൊടുക്കുന്നില്ല. ജീവിതത്തിന്റെ ശേഷിച്ച ഭാഗം ഒന്നവസാനിച്ചിരുന്നെങ്കിൽ എന്നു പറഞ്ഞ് ജീവിക്കുന്ന ധാരാളം മാതാപിതാക്കളെ കണ്ടിട്ടുണ്ട്.

ഇവിടെയൊക്കെ ഏതു പുത്രന്, അല്ലെങ്കിൽ പുത്രിക്ക് പറയാൻ സാധിക്കും ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്ന്. സ്വന്തം രക്തവും വിയർപ്പും നല്കി വളർത്തി വലുതാക്കിയ മക്കൾ കറിവേപ്പില പോലെ ജീവിത സായാഹ്നത്തിൽ തങ്ങളെ വലിച്ചെറിയുമ്പോൾ ഏതു പിതാവിന് മാതാവിന് പറയാൻ സാധിക്കും ഇവൻ എന്റെ പ്രിയ പുത്രൻ അല്ലെങ്കിൽ പുത്രി. ഒന്നാകലിന്റെ അനുഭവം കുടുംബത്തിൽ അനുഭവിക്കാത്ത മക്കൾ കുടുംബജീവിതത്തിൽ താന്തോന്നികളായി മാറുമ്പോൾ മാതാപിതാക്കൾക്ക് ആരെ കുറ്റപ്പെടുത്താനാകും.

ലോകത്തെ രക്ഷിക്കുവാനായി പിതാവിന്റെ ഹിതത്തിന് തലതാഴ്ത്തുവാൻ മാത്രം പോരുന്നതായിരുന്നു യേശുവിന്റെയും പിതാവിന്റെയും ആ ബന്ധം, ആത്മീയ ഐക്യം. അതിലേയ്ക്കാണ് നാമും വിളിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെയാണെങ്കിൽ നമുക്ക് മറ്റൊരു സത്യം പ്രഘോഷിക്കുവാൻ സാധിക്കണം.... ദൈവീകസ്നേഹത്തിന്റെ പാരമ്യത്തിൽ നിന്നുകൊണ്ട് ദൈവം തന്റെ പുത്രനെ നല്കി നമ്മെ സ്നേഹിച്ചുവെന്ന്. (യോഹ-3:16) ഇന്ന് മനുഷ്യൻ മൃഗങ്ങളെക്കാളും തരം താഴ്ന്നവരായി ജീവിക്കുന്നതുകാണുമ്പോൾ ഇതൊരു വെല്ലുവിളിയായി നമ്മുടെയൊക്കെ ജീവിതങ്ങളിൽ ഉയരുന്നുണ്ട്.

ഇനിയും മുമ്പോട്ടുപോയാൽ ഇതുപോലുള്ള പല ജീവിതയാഥാർത്ഥ്യങ്ങളും നമ്മെ വീണ്ടും വെല്ലുവിളിക്കുകയാണ്. ഒന്നിച്ചുണ്ടായിട്ടും ഒന്നാകലിന്റെ അനുഭവം ലഭിക്കാത്ത പരസ്പരം അറിയാത്ത ജീവിതങ്ങൾ. (യോഹ 14:9) യേശു ചോദിച്ചതു മറ്റൊന്നുമല്ല ഇക്കാലമത്രയും എന്നോടു കൂടെയുണ്ടായിരുന്നിട്ടും നീ എന്നെ അറിയുന്നില്ലെ. ഇന്നത്തെ കുടുബബന്ധങ്ങളിലേയ്ക്കു തിരിഞ്ഞു നോക്കിയാൽ ഈ ഒന്നാകലിന്റെ പരസ്പരം അറിയലിന്റെ ഒക്കെ ഊഷ്മളത എങ്ങനെയുണ്ട് എന്നു കാണാം. ഇന്നു മുതൽ മരണം വരെ ഞാൻ എല്ലാറ്റിലും നിന്നോടൊത്തുണ്ട് എന്നു പറഞ്ഞു തുടങ്ങുന്ന ഭാര്യാ ഭർതൃ ജീവിതങ്ങൾ ജീവിതയാഥാർത്ഥ്യങ്ങളെ തിരിച്ചറിയുമ്പോൾ അവയെ അഭിമുഖീകരിക്കുമ്പോൾ എങ്ങുമെത്താതെ പുഴയിൽ ഒഴുകി നടക്കുന്ന പൊങ്ങുതടികൾ പോലെ ആയിത്തീരുന്നില്ലേ.

പത്തുപതിനഞ്ചുവർഷമായി ഞാൻ നിന്നെ സഹിക്കുന്നു എന്നു പറഞ്ഞു തുടങ്ങിയ ഒരു കുടുംബനാഥന്റെ പ്രസ്ഥാവന ഒരു ഭവന സന്ദർശനത്തിനിടയിൽ ഞാൻ കേൾക്കാനിടയായി. ഇതിയാനോടുകൂടി വന്നതിൽപിന്നെ എന്നുതുടങ്ങിയ മറുപടി എന്നെ ചിന്തിപ്പിക്കാതിരുന്നില്ല. അന്നിവർ ചെയ്ത വാഗ്ദാനം ഒന്നാകലിന്റെയും, വേർപിരിയലിന്റെയും. മനസ്സും ഹൃദയവും ആലോചനയും പ്രവർത്തനവും നന്മയ്ക്കായി ഒന്നാകുന്നിടത്ത് സ്വർഗ്ഗം ജനിക്കുന്നു. (ഉത്പത്തി- 2:24) ഇനി മുതൽ അവർ ഏക ശരീരമായിരിക്കും. ഈ വാഗ്ദാനവും ദൈവീക പദ്ധതിയോടുള്ള സഹവർത്തിത്വവുമൊക്കെ അനുഭവമാകുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പലപ്പോഴും നാം കാണുന്നത് ദൈവീക പദ്ധതികളെ തകിടം മറിക്കാൻ നെട്ടോട്ടമോടി ഒടുവിൽ തളർന്നു വീഴുന്ന ജീവിതങ്ങളെയാണ്.

പഴയ നിയമത്തിൽ ഈ ഒന്നാകലിന്റെ ഐക്യത്തിന്റെ അനുഭവം ഉണ്ടായ ദമ്പതികളെ നാം കണ്ടു മുട്ടുന്നു. (1 സാമു 1 :1-8) എല്ക്കാന- ഹന്ന ദമ്പതികൾ. തന്റെ ജീവിത വ്യഥകൾപറഞ്ഞ് ഒരു പിഞ്ചുകുഞ്ഞിനെപോലെ കരയുന്ന ഹന്നയെ പൂർണ്ണമായി അറിഞ്ഞ് മനസ്സിലാക്കി ആശ്വസിപ്പിക്കുന്ന എൽക്കാന. ദു:ഖഭാരത്താൽ, അപമാനഭാരത്താൽ വിലപിക്കുന്ന ഭാര്യയെ ആശ്വസിപ്പിക്കുന്ന ഭർത്താവ്. ഹന്നാ നീ എന്തിനാണ് കരയുന്നത് ഞാൻ നിനക്ക് പത്തു പത്രന്മാരിലും ഉപരിയല്ലെ. ഇന്നത്തെ ലോകത്തിൽ ജീവിക്കുന്ന ദമ്പതികൾക്ക് വെല്ലുവിളി ഉയർത്തുന്ന ഒരു സംഭവമാണിത്.

ഒരിക്കൽ ഞങ്ങളോടൊത്ത് ഉണ്ടായിരുന്ന ഒരു ബ്രദർ ക്യാൻസർ ബാധിച്ച് ആശുപത്രിയിൽ കിടക്കുമ്പോൾ ഞങ്ങൾ പോകാറുണ്ടായിരുന്നു. അവിടെയുള്ള മറ്റു ക്യാൻസർ രോഗികളെയും ഞങ്ങൾ സന്ദർശിച്ചിരുന്നു. അതിനുശേഷം ഞങ്ങൾ ഷെയർ ചെയ്തപ്പോൾ ഒരാൾ ഇപ്രകാരം പങ്കു വയ്ക്കുകയാണ്. ഒരു കുടുംബനാഥൻ പറയുകയാണ് ഇത് എന്റെ ഭാര്യയാണ്. ബ്ലഡ്ക്യാൻസർ. ഇനി രക്ഷയില്ല എന്നു ഡോക്ടർമാർ പറഞ്ഞു എനിക്കുള്ളതെല്ലാം വിറ്റു. ഉള്ളത് ഒരു വീടുമാത്രം. മൂന്നു പെൺകുട്ടികൾ. ഇനി ഞാൻ എന്തുചെയ്യും. തുടർന്നു പറയുകയാണ്, എനിക്ക് ആരോഗ്യമുള്ളിടത്തോളം കാലം ഞാൻ അവളെ നോക്കും. അവസാനം ആകെ സമ്പാദ്യമായ ആ വീടു വിറ്റിട്ടായാലും ഞാൻ ചികിൽസിക്കുമെന്നു പറഞ്ഞപ്പോൾ ആ സഹോദരന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പുകയായിരുന്നു.

എത്രപേർക്ക് ഇന്നിങ്ങനെ പറയാൻ സാധിക്കും. ഹൃദയത്തിൽനിന്നും ഭർത്താവിനുവേണ്ടി, ഭാര്യയ്ക്കുവേണ്ടി ഞാൻ ചെയ്യുമെന്ന്. കുടുംബ ജീവിതത്തിന്റെ അർത്ഥവും ആഴവും ഒന്നാകലിന്റെ അനുഭവവും സ്വീകരിച്ചവർക്കേ അതിലെ സന്തോഷങ്ങളേയും ദ:ുഖങ്ങളെയും ഒരുപോലെ സ്വീകരിച്ച് ഇങ്ങനെ ജീവിക്കാൻ സാധിക്കൂ. ഒരു യഥാർത്ഥ ക്രിസ്തുശിഷ്യനായി,ശിഷ്യയായി.

ഇന്ന് സഭാമാതാവ് നമുക്ക് നല്കുന്ന സന്ദേശം ഒന്നുമാത്രമാണ്. നാം നമ്മെത്തന്നെ അറിയുക, നമ്മെ അയച്ചവനെ അറിയുക, അവന്റെ ഹിതത്തിനായി നമ്മെത്തന്നെ സമർപ്പിക്കുക. ഞാനും പിതാവും ഒന്ന് എന്ന പുത്ര ബോദ്ധ്യം, എന്നെക്കാണുന്നവൻ പിതാവിനെക്കാണുന്നു എന്ന പിതൃപുത്ര ഐക്യം എന്നും നമ്മുടെ ജീവിതങ്ങളെ മുമ്പോട്ട്, സ്നേഹത്തിലേയ്ക്ക്, സാഹോദര്യത്തിലേയ്ക്ക്, ജീവനിലേയ്ക്ക്, പ്രത്യാശയിലേയ്ക്ക്, ചൈതന്യത്തിലേയ്ക്ക് നയിക്കുന്നതാകട്ടെ എന്നു പ്രാർത്ഥിക്കാം.

ഫാ. ഷിജോ നെറ്റിയാങ്കൽ വി.സി.